(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഡീസലിന്റെ അലോട്ട്മെന്റ് നൽകുന്നുണ്ട്. മെയിന്റനൻസിന് ആവശ്യമായ തുകയും നൽകുന്നുണ്ട്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഹോളിഡേ ഹോം ലാഭകേന്ദ്രമാക്കാൻ നടപടി

55 (1247) ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടിയിലെ ഹോളിഡേ ഹോമിലെ റിസപ്ഷൻ ചാർജ് ഉൾപ്പെടെയുള്ള ജോലികൾക്ക് ഹോട്ടൽ മാനേജ്മെന്റോ തത്തുല്യ കോഴ്സുകളോ പാസ്സായവരെ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) 135 പേർക്ക് താമസിക്കുവാൻ സൗകര്യമുള്ള ഹോളിഡേ ഹോം കാലോചിതമായി പരിഷ്ക്കരിച്ച് ഒരു ലാഭകേന്ദ്രമായി മാറ്റാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബോർഡ് ജീവനക്കാരുടെ (നിയമനവും സേവന വ്യവസ്ഥകളും) റെഗുലേഷനുകൾ പ്രകാരം പി.എസ്.സി. വഴി നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും വിശ്രമത്തിനും വിനോദത്തിനും താമസത്തിനും വേണ്ടി ചില സബ്സിഡി കളോടെയാണ് ഹോളിഡേ ഹോം പ്രവർത്തിക്കുന്നത്. ലാഭം മാത്രം നോക്കി പ്രവർത്തിക്കുന്ന ഒരുസ്ഥാപനമല്ല എന്നിരുന്നാലും ഹോളിഡേ ഹോം കാലോചിത മായി പരിഷ്ക്കരിക്കുന്നതിന് കാലാകാലങ്ങളിൽ കൂടുന്ന കുമിളി ഹോളിഡേ ഹോം വർക്ക് ഇംപ്ലീമെന്റേഷൻ സബ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് ബോർഡ് പരിഗണിച്ച് പരിഷ്ക്കാര നടപടികൾ സ്വീകരിച്ചു നടപ്പാക്കുകയും ചെയ്യുന്നു.

തൊഴിൽ നിയമലംഘനം

56 (1248) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഇരുപത്തിയഞ്ചു മാസക്കാലത്തിനിടയിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ച എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഇവർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് കണ്ടു പിടിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 93,732 കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) തൊഴിൽ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ തൊഴിലുടമകൾക്ക് പരിശോധനയിൽ കണ്ട ലംഘനങ്ങൾ പരിഹരിക്കാൻ ആവശ്യപ്പെട്ട് പരിശോധനാ ഉത്തരവുകൾ നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശം പാലിക്കാതിരുന്ന 16268 തൊഴിലുടകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിനുശേഷവും അപാകതകൾ പരിഹരിക്കാത്തതിനാൽ 2798 തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുള്ള മറ്റ് ഉദ്യോഗസ്ഥരും വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സമയബന്ധിതമായി സ്ഥാപനങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. അസി:ലേബർ ഓഫീസർമാർ പരിശോധിക്കുന്ന സ്ഥാപനങ്ങളിൽ "ക്രോസ് ചെക്ക്" നടത്തി അവർ നടത്തിയ പരിശോധനകളുടെ കാര്യക്ഷമത വിലയിരുത്തുന്നതിന് മേലുദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധനാ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ജില്ലാ ലേബർ ഓഫീസർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി മാസംതോറും വിലയിരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾ കൂടുതലുള്ള വലിയ സ്ഥാപനങ്ങളിലും ചില പ്രത്യേക മേഖലകളിലും സ്കാഡ് പരിശോധന നടത്തി നിയമ വ്യവസ്ഥകൾ നടപ്പാക്കുന്നുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ/ഐ.ടി.സി.കൾ

57 (1249) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നു എന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.കൾ ഏതെല്ലാമാണെന്ന് ജില്ലതിരിച്ച് ലിസ്റ്റ് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമില്ലാതെ സംസ്ഥാനത്ത് ഐ.ടി.സി.കൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവയ്ക്കെതിരെ എന്തു നടപടി സ്വീകരിക്കണമെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ഉണ്ടെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly